LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) അന്വേഷണമാരംഭിച്ചിട്ടുണ്ട്.

(സി) മണ്ണാർക്കാട് നീതി മെഡിക്കൽ സ്റ്റോറിൽ നിന്നും 11,73,310 രൂപയുടെ മരുന്ന് വാങ്ങിയത് സംബന്ധിച്ചാണ് പരാതി ഉയർന്നിട്ടുള്ളത്. മരുന്ന് വാങ്ങിയതിൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇല്ല. അടിയന്തിര സാഹചര്യം ചൂണ്ടിക്കാട്ടി നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിയതിന്റെ രേഖകളൊന്നും പ്രാഥമിക അന്വേഷണത്തിൽ ലഭിച്ചിട്ടില്ല. മരുന്നു വാങ്ങിയതുമായി ബന്ധപ്പെട്ട് സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിച്ചിട്ടില്ല.

കെ.എസ്.ഇ.ബി.യുടെ വിഭജനം

142 (4205) ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര നിയമപ്രകാരം കെ.എസ്.ഇ.ബി.-യുടെ വിഭജനം നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിഭജന നടപടികൾ ഏത് വരെയായി; വിശദമാക്കുമോ ;

(ബി) വിഭജനം നടത്താൻ ഉദ്ദേശിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) കേന്ദ്ര നിയമം നടപ്പിലാക്കുമ്പോൾ ഏതെങ്കിലും കേന്ദ്ര സഹായം ബോർഡിന് ലഭിക്കുമോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വൈദ്യുതി നിയമം 2003-ലെ വ്യവസ്ഥ പ്രകാരം സംസ്ഥാന സർക്കാരിന്റെ 25-8-2008-ലെ ഉത്തരവിന്മേൽ വൈദ്യുതി ബോർഡിനെ കമ്പനി നിയമം 1956-ൻകീഴിൽ ഒരു പൊതുമേഖലാ കമ്പനിയാക്കാൻ തീരുമാനിച്ചു. ഇതിൻപ്രകാരം ബോർഡിന്റെ ആസ്തി ബാധ്യതകൾ 25-9-2008 ൽ സർക്കാരിൽ നിക്ഷിപ്തമാക്കി. പിന്നീട് ഇത് കമ്പനിയിലേയ്ക്ക് കൈമാറ്റം ചെയ്യും. പൊതുമേഖലയിൽ കെ.എസ്.ഇ.ബി.-യെ ഒരു ഒറ്റ കമ്പനിയാക്കി നിലനിർത്തുകയാണ് സർക്കാരിന്റെ നയം.

(സി) ബോർഡ് പുനഃക്രമീകരിക്കുന്നത് സംബന്ധിച്ച് കൺസൾട്ടൻസി പ്രവർത്തനങ്ങൾക്ക് കേന്ദ്രധനകാര്യ സ്ഥാപനമായ പവർഫിനാൻസ് കോർപ്പറേഷന്റെ സേവനം ഉപയോഗപ്പെടുത്തുന്നതിന് പവർ ഫിനാൻസ് കോർപ്പറേഷൻ ഒരു കോടി രൂപ ഗ്രാന്റായി അനുവദിച്ചതിൽ 99,31,138 രൂപ ഇതിനകം ലഭിച്ചിട്ടുണ്ട്.